(സി) ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. സഹകരണവകുപ്പിലെ യോഗ്യരായ യു.ഡി.ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റുമാരെ ഉദ്യോഗക്കയറ്റം നൽകി ഓഡിറ്റർമാരായും നിയമിച്ചുവരുന്നു.

(ഡി) യോഗ്യതയുള്ള യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ്മാരെ പ്രൊമോട്ട് ചെയ്ത് ഓഡിറ്റർമാരായി നിയമിച്ചുവരുന്നുണ്ട്.

181 (1725) റബ്കോയുടെ പ്രവർത്തനങ്ങൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്കോ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്;

(ബി) റബ്കോയുടെ ഷെയർ എത്ര; പ്രവർത്തന മൂലധനം എത്ര; ഇതിൽ ഗവൺമെന്റിന്റെ വിഹിതം എത്ര;

(സി) റബ്കോയ്ക്ക് ഗവൺമെന്റ് എത്രകോടി രൂപയുടെ ഗാരന്റി നൽകിയിട്ടുണ്ട്;

(ഡി) റബ്കോ കൃഷിക്കാരിൽ നിന്നും മറ്റും ശേഖരിച്ച റബ്ബർ എത്ര ടൺ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിൽ എത്ര കയറ്റി അയച്ചു; എത്ര ബഫർ സ്റ്റോക്കായി വച്ചിരിക്കുന്നു; എത്ര ടൺ ആഭ്യന്തര മാർക്കറ്റിൽ വിൽപ്പന നടത്തി എന്ന് വ്യക്തമാക്കുമോ;

(എഫ്) റബ്കോയും മറ്റും ശേഖരിക്കുന്ന റബ്ബർ ആഭ്യന്തര മാർക്കറ്റിൽ വിൽക്കുന്നത് നിരുൽസാഹപ്പെടുത്തുന്ന നയം ഗവൺമെന്റ് സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വാങ്ങൽ, വിൽപ്പന, വ്യാപാരം നടത്തുന്നതോടൊപ്പം റബ്ബറും റബ്ബർ തടിയും ആധാരമാക്കിയുള്ള വ്യവസായ പദ്ധതികൾ റബ്കോ നടപ്പിലാക്കുന്നുണ്ട്. ഇപ്പോൾ റബ്കോയുടെ ആദ്യത്തെ വ്യവസായ യൂണിറ്റായ ഹവായ് ചപ്പൽ യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സൈക്കിൾ ടയറും ട്യൂബും നിർമ്മിക്കുന്നതിന് മറ്റൊരു ഫാക്ടറിയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. കൂടാതെ ത്രഡ് റബ്ബർ നിർമ്മാണം, ഇരുചക്രവാഹനങ്ങളുടെ ടയർ നിർമ്മാണം, റബ്ബർ തടി സംസ്കരണവും ഫർണിച്ചർ നിർമ്മാണവും തുടങ്ങിയവയ്ക്കുള്ള യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) 31.3.1999 വരെ റബ്കോയുടെ അടച്ചു തീർക്കപ്പെട്ട മൂലധനം 3,22,10,000 രൂപയാണ്. പ്രവർത്തന മൂലധനം 20 കോടിയാണ്. സർക്കാർ ഓഹരി വിഹിതം 180.30 ലക്ഷം രൂപയാണ്.

(സി) റബ്കോയ്ക്കുവേണ്ടി സംസ്ഥാന സഹകരണബാങ്കിന് 42.65 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.

(ഡി) റബ്കോ 1998-99 വർഷത്തിൽ 9857 മെട്രിക് ടണ്ണും 1999-2000-ത്തിൽ (2.7.99 വരെ) 4600 മെട്രിക് ടണ്ണും റബ്ബർ സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 171 മെട്രിക് ടൺ കയറ്റി അയച്ചു. റബ്കോയുടെ പക്കൽ വിവിധ ഗോഡൗണുകളിലായി ഏകദേശം 7650 മെട്രിക് ടണ്ണോളം റബ്ബർ സ്റ്റോക്കുണ്ട്. 6800 ടൺ റബ്ബർ ആഭ്യന്തര മാർക്കറ്റിൽ വിറ്റഴിച്ചിട്ടുണ്ട്.

(എഫ്) റബ്കോയും മറ്റും ശേഖരിക്കുന്ന റബ്ബർ കയറ്റുമതി നടത്താനുള്ള ശ്രമം നടത്തുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയും റബ്ബറിന്റെ മാർക്കറ്റ് വിലയും കണക്കിലെടുത്ത് കാലാകാലങ്ങളിലെ സ്ഥിതിക്കനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

182 (1726) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

<u>ശ്രീ. സി.കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. ക്ക് വിട്ടത് സംബന്ധിച്ചുള്ള ചട്ടങ്ങൾ ഓരോ സഹകരണ സ്ഥാപനവും പ്രത്യേകം പ്രത്യേകം അംഗീകരിക്കേണ്ടതുണ്ടോ;

(ബി) എങ്കിൽ ഏതെങ്കിലും സഹകരണ സ്ഥാപനം ചട്ടങ്ങൾ പാസാക്കാതിരിക്കുകയോ പാസായാൽ കാലതാമസം വരുത്തുകയോ ചെയ്താൽ പി.എസ്.സി. വഴിയുള്ള നിയമനത്തിന് തടസ്സം നേരിടും എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതൊഴിവാക്കാൻ പൊതുവായ ചട്ടങ്ങൾ സഹകരണ വകുപ്പ്തന്നെ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ സ്ഥാപനവും സഹകരണ ആക്ടിനും ചട്ടങ്ങൾക്കും വിധേയമായി റിക്രൂട്ട്മെന്റ് റൂൾ തയ്യാറാക്കി പി.എസ്.സി. യെ അറിയിച്ചിരിക്കണം.

(ബി) റിക്രൂട്ട്മെന്റ് റൂൾസിന് അംഗീകാരം നൽകി പി.എസ്.സി. ക്ക് സമർപ്പിക്കാത്ത സഹകരണസ്ഥാപനങ്ങളിലെ സ്ഥിരം നിയമനത്തിന് തടസ്സം നേരിടും.

(സി) ഓരോ സ്ഥാപനത്തിന്റെയും തസ്തികകളുടെ, ഘടനയുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കണമെന്നതിനാൽ അതാത് സ്ഥാപനങ്ങളാണ് സഹകരണ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി പി.എസ്.സി. ക്ക് സമർപ്പിക്കേണ്ടത്. പൊതുവായ റിക്രൂട്ട്മെന്റ് റൂൾസ് പ്രായോഗികമല്ല.

183 (1727) സഹകരണ സംഘങ്ങളിലെ നിയമനം

<u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ആവശ്യമായ തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടത്തുന്നത് ഇപ്പോൾ നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly